
# ഡോ. അൽ കാതിബിന്റെ കൂടെ

സ്മരണ ● ഒ.പി അബ്ദുസ്സലാം

**1964–ൽ** സ്ഥാപിതമായ മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ മൂന്നു വർഷം കഴിഞ്ഞ് 1967–ലാണ് ഞാൻ വിദ്യാർഥിയായി ചേരുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ അഡ്മിഷൻ സമയം കഴിഞ്ഞ് ഏതാനും മാസങ്ങൾക്കു ശേഷമേ എനിക്ക് യൂനിവേഴ്സിറ്റിയിൽ പ്രവേശനം ലഭിച്ചുള്ളൂ. ഏതായാലും ഔദ്യോഗിക ഓഫീസ് വർക്കുകളൊക്കെ പൂർത്തീകരിച്ച് വാർഡൻ അബൂ അഹ്മദ് നിർദേശിച്ച ക്ലാസ്സിലേക്ക് ഞാൻ പോയി. ചെറിയൊരു വൈക്ലബ്യതയോടെ ക്ലാസ്സിലേക്ക് കയറാതെ ഞാൻ വാതിൽക്കൽ നിന്നു. *ഇസ്മഹ് ലീ യാ ഉസ്താദ്?* (പ്രവേശിക്കട്ടെ, സാർ).



സുന്ദരനും പ്രസന്നനുമായ ഉസ്താദ് എന്നെ ആപാദചൂഢമൊന്നു നോക്കി. *തഫദ്ദൽ* (കടന്നുകൊള്ളുക). ഏഷ്യക്കാരും ആഫ്രിക്കക്കാരും യൂറോപ്പുകാരുമൊക്കെയുള്ള ക്ലാസ്സിൽ ഞാൻ എന്റെ നിശ്ചിത നമ്പറിൽ ചെന്നിരുന്നു. വിഷയം തൗഹീദായിരുന്നു. ദുർഗ്രാഹ്യത ഒട്ടുമേയില്ലാതെ, അയത്നലളിതമായ അറബി ഭാഷയിലുള്ള തൗഹീദ് ക്ലാസ് ഹൃദ്യവും അതിമനോഹരവുമായിരുന്നു. ക്ലാസ് അവസാനിച്ച മുറക്ക് അടുത്തിരിക്കുന്ന നൈജീരിയക്കാരനോട് ഞാൻ തിരക്കി: "ഇപ്പോൾ തൗഹീദ് ക്ലാസ്സെടുത്ത ഉസ്താദിന്റെ പേര് ഓർക്കുന്നുണ്ടോ?" "അറിയാം, ശൈഖ് അബ്ദുസ്സമദ് അൽ കാതിബ്." ഇടവേള സമയമായപ്പോൾ ഞാൻ ശൈഖ് അബ്ദുസ്സമദിനെ അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നു കണ്ടു. അദ്ദേഹത്തിന്റെ വന്ദ്യ പിതാവ് കാതിബ് കെ.എം മൗലവി തന്ന കത്ത് കൈമാറി. കത്ത് വായിച്ച് അദ്ദേഹം എന്നെ ആലിംഗനം ചെയ്യുകയും ആശീർവദിക്കുകയും ഉപചാര വാക്കുകൾ കൊണ്ട് പൊതിയുകയും ചെയ്തു. ശൈഖ് അബ്ദുസ്സമദ് അൽ കാതിബുമായി അന്നു മുതൽ ആരംഭിച്ച തകരാത്ത ഹൃദയ ബന്ധം സുദീർഘമായ യൂനിവേഴ്സിറ്റി ജീവിതത്തിലും പിന്നെയും അഭംഗുരം തുടർന്നു.

കാതിബിനെ ഓർക്കുമ്പോൾ മനസ്സിന്റെ ഓരങ്ങളിൽ പച്ചപിടിച്ചുനിൽക്കുന്ന ഏതാനും ചില കാര്യങ്ങളാണ് താഴെ കുറിക്കുന്നത്. അഭിവന്ദ്യ ഗുരുവായിരുന്നെങ്കിലും ജ്യേഷ്ഠാനുജന്മാരെ പോലെയായിരുന്നു ഞങ്ങൾ. ഇടക്ക് കുടുംബത്തെ കൂടി മദീനയിലേക്ക് കൊണ്ടുവന്നപ്പോൾ ഒരു ദിവസം ശൈഖ് അബ്ദുസ്സമദ് ഞങ്ങളെയെല്ലാം വീട്ടിലേക്ക് സൽക്കരിച്ചു. നല്ല സൽക്കാര പ്രിയനായ ശൈഖ് ഞങ്ങൾക്കു വേണ്ടി ഒരുക്കിയത് ഒരുഗ്രൻ വിരുന്ന് തന്നെയായിരുന്നു. ഭക്ഷണമൊക്കെ കഴിഞ്ഞ് മജ്‌ലിസിൽ പല വർത്തമാനങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നിനിടയിൽ ഞാൻ ചോദിച്ചു: "ഈജിപ്തിലെ ശൈഖ് അബ്ദുർറാസിഖിനെ പോലെ ഇസ്‌ലാമിൽ ഭരണമില്ലെന്നും ഇസ്‌ലാം മറ്റു മതങ്ങളെ പോലെ കേവലം ചില ആരാധനാ കർമങ്ങളിൽ പരിമിതമാണെന്നും പറയുന്ന ചില മുസ്‌ലിം ഉൽപതിഷ്ണുക്കൾ കേരളത്തിലുമുണ്ടല്ലോ? ഇമാം ഇബ്നു തൈമിയ, ശൈഖ് മുഹമ്മദ്ബ്നു അബ്ദുൽ വഹാബ് തുടങ്ങിയ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലും നിരീക്ഷണങ്ങളിലും ഭരണം ഇസ്‌ലാമിന്റെ അവിഭാജ്യ

# ഡോ. അബ്ദുസ്സമദ് അൽ കാതിബ്

**'ഫറാഇദിന്റെ** ഉസ്താദ്' എന്ന പേരിൽ സുഊദിയിലെ മതപണ്ഡിത വൃത്തങ്ങളിൽ സ്വീകാര്യതയും അംഗീകാരവും നേടിയ വ്യക്തിത്വമായിരുന്നു 26.06.2010ന് നമ്മെ വിട്ട് പിരിഞ്ഞ ശൈഖ് അബ്ദുസ്സമദ് അൽകാതിബ്(80). ഫറാഇദിൽ കാതിബിനോളം വിവരമുള്ള പണ്ഡിതനെ താൻ കണ്ടിട്ടില്ലെന്ന് അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ അനുസ്മരിക്കുകയുണ്ടായി. ഇസ്‌ലാമിലെ അനന്തരാവകാശ നിയമത്തെക്കുറിച്ച പഠനശാഖയാണ് ഫറാഇദ്. ഈ വിഷയത്തിൽ അൽകാതിബ് തയാറാക്കിയ ഗ്രന്ഥമാണ് സുഊദിയിലെ മദീന യൂനിവേഴ്സിറ്റിയിലും ഹയർസെക്കന്ററി സ്കൂളിലും ഇപ്പോഴും പാഠപുസ്തകമായി പഠിപ്പിക്കുന്നത്.

1931 ഏപ്രിലിൽ കൊടുങ്ങല്ലൂരിലെ മാടവനയിലാണ് അൽകാതിബിന്റെ ജനനം. വാഴക്കാട് ദാറുൽ ഉലൂമിലെ പഠനത്തിന് ശേഷം 1949 ൽ അൽകാതിബ് മദീനയിലെ ദാറുൽ ഹദീസിൽ വിദ്യാർഥിയായി. തന്റെ മകൻ അക്കാലത്തെ ഏറ്റവും തലയെടുപ്പുള്ള പണ്ഡിതന്മാരുടെ നേരിട്ടുള്ള ശിക്ഷണത്തിൽ വളരണമെന്ന പിതാവ് കെ.എം. മൗലവിയുടെ ആഗ്രഹമായിരുന്നു ചെറുപ്രായത്തിൽ തന്നെ അൽകാതിബിനെ ഇരു ഹറമുകളുടെയും നാട്ടിലെത്തിച്ചത്. ദാറുൽ ഹദീസിലെ പഠനത്തിന് ശേഷം രിയാദിലെ മുഹമ്മദ്ബ്നു സുഊദ് യൂനിവേഴ്സിറ്റിയിൽ എട്ട് വർഷം പഠിച്ചു. അഞ്ചു വർഷം അവിടെ അധ്യാപകനുമായി. ശൈഖ് അബ്ദുല്ല ഇബ്നു ബാസ്, ശൈഖ് അബ്ദുർറഹ്മാനിൽ ഇഫ്‌രീഖി എന്നിവർ അദ്ദേഹത്തിന്റെ പ്രധാന ഗുരുവര്യന്മാരാണ്. പ്രമുഖ സലഫി പണ്ഡിതനും മുഫ്തിയുമായിരുന്നു ശൈഖ് സ്വാലിഹ് ഉസൈമീൻ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു.

ബിദ്അത്തുകൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ പൊരുതിയ ഈ പണ്ഡിതൻ, ഇസ്‌ലാമിന്റെ സന്ദേശ പ്രചാരണത്തിൽ ദത്ത ശ്രദ്ധനായിരുന്നു. വയോധികർക്ക് ഇസ്‌ലാം പഠിപ്പിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് കൂടുതൽ താൽപര്യം. 'ഇവർക്കിനി കുറച്ചല്ലേ ആയുസ്സുള്ളൂ' എന്നതായിരുന്നു അതിന്റെ ന്യായം.

രണ്ട് മലയാളികൾ ഉൾപ്പെടെ നാല് ഭാര്യമാരിലായി 27 മക്കളുണ്ട്. പലരും സുഊദിയിൽ വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്നു. ■

ഘടകമാണെന്നാണല്ലോ കാണുന്നത്. ജമാഅത്തെ ഇസ്‌ലാമി ഈ വിഷയകമായി സ്വീകരിക്കുന്ന നിലപാടിനോട് താങ്കൾക്ക് യോജിപ്പുണ്ടോ?"

വിശേഷിച്ചൊന്നും പ്രതികരിക്കാതെ മറ്റൊരു റൂമിലേക്ക് ധൃതിയിൽ എഴുന്നേറ്റുപോയ ഡോ. അബ്ദുസ്സമദ് അൽ കാതിബ് തിരിച്ചുവന്നത് ചെറുതും വലുതമായ ഒത്തിരി ഗ്രന്ഥങ്ങളുടെ ശേഖരവുമായാണ്. ഇമാം റാസി, ഇമാം ത്വബരി, ഇമാം ഇബ്നു തൈമിയ, ഇമാം മാവർദി, അല്ലാമാ ഇബ്നു കസീർ, ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽ വഹാബ്, ശൈഖ് ശാഹ് വലിയ്യുല്ലാഹ് അദ്ദഹ്‌ലവി, ശൈഖ് അബ്ദുൽ റാസിഖ്, മൗലാനാ അബുൽ ഹസൻ അലി നദ്‌വി, മൗലാനാ മൗദൂദി തുടങ്ങി പല പ്രഗത്ഭരുടെയും ഗ്രന്ഥങ്ങൾ അക്കൂട്ടത്തിലുണ്ടായിരുന്നു. ഇസ്‌ലാമിലെ രാഷ്ട്ര സംബന്ധിയായ നിരവധി ഉദ്ധരണികൾ വായിച്ചു കേൾപ്പിച്ച ശേഷം ബന്ധപ്പെട്ട ഖുർആനിലെയും സുന്നത്തിലെയും തെളിവുകളും അദ്ദേഹം എടുത്തുദ്ധരിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു: "ഈ പ്രാമാണിക രേഖകളും പണ്ഡിതന്മാരുടെ ഉദ്ധരണികളും വിരൽ ചൂണ്ടുന്നത് ഇസ്‌ലാമിൽ രാഷ്ട്രീയവും ഭരണവിഷയങ്ങളും ഗൗരവപൂർവം ചർച്ച ചെയ്യപ്പെടുന്നുണ്ട് എന്നും അത് ഇസ്‌ലാമിന്റെ അവിഭാജ്യ ഘടകമാണെന്നും തന്നെയാണ്. ഇതിനെ ആരെങ്കിലും എതിർക്കുന്നുവെങ്കിൽ അവർക്ക് ഇസ്‌ലാമും അറിയില്ല രാഷ്ട്രീയവും അറിയില്ല. ഈ കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ കാഴ്ചപ്പാട് തെറ്റാണെന്ന് ഞാൻ വിചാരിക്കുന്നില്ല. മദീനാ യൂനിവേഴ്സിറ്റിയുടെ സിലബസ് കമ്മിറ്റിയിലെ പ്രമുഖാംഗം കൂടിയായ മൗലാനാ മൗദൂദിയോട് എനിക്കങ്ങേയറ്റം ആദരവാണുള്ളത്. യൂനിവേഴ്സിറ്റിയിൽ വന്നപ്പോൾ ഞാൻ പല തവണ അദ്ദേഹത്തെ കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. അതേസമയം അദ്ദേഹത്തിന്റെ ചില അഭിപ്രായങ്ങളോട് എനിക്ക് വിയോജിപ്പുണ്ട്. ഉദാഹരണത്തിന് സ്ത്രീ

കൾക്ക് മുഖം മറക്കൽ നിർബന്ധമാണെന്ന മൗദൂദിയുടെ നിലപാടിനോട് ഞാൻ യോജിക്കുന്നില്ല. പൂർവിക പണ്ഡിതന്മാരിൽ ഭൂരിപക്ഷവും സ്ത്രീക്ക് മുഖം മറക്കൽ നിർബന്ധമില്ലെന്ന അഭിപ്രായക്കാരാണ്. പ്രസിദ്ധ ആധുനിക പണ്ഡിതൻ നാസിറുദ്ദീൻ അൽബാനിയും ഇതുതന്നെയാണ് പറയുന്നത്." തുടർന്ന് ശൈഖ് അബ്ദുസ്സമദ് ഈ വിഷയകമായി വന്ന ആയത്തുകളും ഹദീസുകളും ഉദ്ധരിച്ചു. അസ്വർ വരെ നീണ്ടുപോയ ആ വൈജ്ഞാനിക ചർച്ച മസ്ജിദുന്നബവിയിലെ മധുരോദാരമായ ബാങ്കൊലി കർണപുടങ്ങളിൽ വന്നലച്ചതോടെ ഞങ്ങൾ മറ്റൊരു അവസരത്തിലേക്ക് മാറ്റിവെച്ചു.

ഓർമയിൽ നിന്ന് അടർത്തി മാറ്റാനാവാത്ത വേറൊരു പ്രധാന സംഭവമാണ് 1989 ഡിസംബർ 21-ന് കുവൈത്ത് ആസ്ഥാനത്ത് നടന്ന മുസ്‌ലിം ഐക്യ കരാർ. കുവൈത്ത് വഖ്ഫ് മന്ത്രാലയത്തിനു കീഴിലുള്ള ഇസ്‌ലാമിക കാര്യവകുപ്പിന്റെ ഡയറക്ടർ ബഹുമാന്യനായ ശൈഖ് നാദിർ നൂരിയുടെ ശ്രമഫലമായി നടന്ന ഈ ഐക്യ ചർച്ചയിൽ കേരളത്തിലെ മുസ്‌ലിം സംഘടനകളായ മുജാഹിദ്, ജമാഅത്ത്, സുന്നി (എ.പി) വിഭാഗങ്ങളാണ് പങ്കെടുത്തത്. സുന്നി എ.പി വിഭാഗത്തെ പ്രതിനിധീകരിച്ച് എ.പി അബൂബക്കർ മുസ്‌ലിയാരും മുജാഹിദ് വിഭാഗത്തെ പ്രതിനിധീകരിച്ചത് ശൈഖ് അബ്ദുസ്സമദ് അൽ കാതിബും ആയിരുന്നു. ജമാഅത്തിന്റെ ഭാഗത്തുനിന്ന് ചർച്ചയിൽ പങ്കെടുത്തത് എം.വി സലീം മൗലവി, പി.കെ ജമാൽ, അബ്ദുർറഹ്മാൻ തറുവായി എന്നിവരും ഈയുള്ളവനുമാണ്. കേരളത്തിലെ മുസ്‌ലിംകളെങ്കിലും ആവേശപൂർവം ഉറ്റുനോക്കിയിരുന്ന ഒരു മഹത്തായ ശ്രമം തുടക്കത്തിലേ ചീറ്റിപ്പോയെങ്കിലും കുവൈത്ത് ഇസ്‌ലാമിക് ചേംബറിൽ നടന്ന ഐക്യ ചർച്ച അർഥപൂർണവും നിലവാരം പുലർത്തുന്നതും വ്യതിരിക്തവുമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല.

തന്മയത്വം പുലർത്തുന്ന ഐക്യ ചർച്ചയിലെ തിളങ്ങുന്ന താരം ആരായിരുന്നുവെന്ന് ചോദിച്ചാൽ ഞാൻ വിരൽ ചൂണ്ടുക ശൈഖ് അബ്ദുസ്സമദ് അൽ കാതിബിലേക്കാണ്. ചൂടുപിടിച്ച ചർച്ചക്കൊടുവിൽ ചില മാനദണ്ഡങ്ങൾ ബന്ധപ്പെട്ട കക്ഷികൾ പരസ്പരം അംഗീകരിച്ച് ഒപ്പ് വെച്ച ശേഷം അഭിവന്ദ്യനായ ശൈഖ് അബ്ദുസ്സമദ് അൽ കാതിബ് ഹൃദയാവർജകമായ ഒരു പ്രാർഥന നടത്തുകയുണ്ടായി. കാതിബിന്റെ ആ പ്രാർഥന ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു. ■